കേരള കാർഷിക സർവകലാശാല
പച്ചക്കറി ശാസ്ത്ര വിഭാഗം
വെള്ളാനിക്കര, കെ.എ.യു (പി.ഒ), തൃശ്ശൂർ - 680656
ഫോൺ: 0487-2438481. ഇ-മെയിൽ: *veavka@kau.in*

.............................................................................................................................

നം: വെജ് /51/2016 വെള്ളാനിക്കര, തീയ്യതി:16.01.2020

## <u>ക്വട്ടേഷൻ നോട്ടീസ്</u>

സൂചന : 09.01.2020 ന് തീയ്യതിയിലെ പ്രൊഫസർ & ഹെഡിന്റെ കത്തിന് മേലുള്ള അസോസിയേറ്റ് ഡീനിന്റെ മാർജിനൽ ഓർഡർ

മേൽ സൂചന പ്രകാരം വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ 2021 ജനുവരി 31 വരെയുള്ള കാലയളവിൽ ചെയ്തു തീർക്കേണ്ടതായ വിവിധ ഗവേഷണ പദ്ധതികളും പച്ചക്കറി വിത്തുൽപ്പാദനവുമായി ബന്ധപ്പെട്ട കാർഷിക പണികൾ ചെയ്യുന്നതിനായി, ദിവസക്കൂലി നിരക്കിൽ തൊഴിലാളികളെ നൽകുന്നതിന് താല്പര്യമുള്ളവരിൽ നിന്നും മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

നിബന്ധനകൾ

1. ഫാമിൽ നിന്ന് ആവശ്യപ്പെടുന്ന മുറക്ക് <u>അറുപതു വയസ്സിൽ കവിയാത്ത സ്ത്രീ/പുരുഷ തൊഴിലാളികളെ</u> നൽകേണ്ടതാണ്.
2. രാവിലെ 7.30 മുതൽ 5 pm വരെയുള്ള സമയങ്ങളിൽ 8 മണിക്കൂറായിരിക്കും ജോലി സമയം.
3. ജോലി ചെയ്യുന്ന ദിവസങ്ങളിലെ വേതനത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ .
4. ക്വട്ടേഷനിൽ സ്ത്രീ തൊഴിലാളിക്കും, പുരുഷ തൊഴിലാളിക്കും ഉള്ള ദിവസവേതനം പ്രത്യേകം കാണിച്ചിരിക്കണം .
5. ക്വട്ടേഷനുകൾ 28.01.2020 ന് 2.30 pm ന് മുൻപായി ഓഫീസിൽ ലഭിച്ചിരിക്കണം.
6. ക്വട്ടേഷനോടൊപ്പം 5000 രൂപ നിരതദ്രവ്യം ഓഫീസിൽ കെട്ടി വെക്കേണ്ടതാണ്.

ഒട്ടിച്ച് സീൽ ചെയ്ത കവറിന് മുകളിൽ പച്ചക്കറി ശാസ്ത്ര വിഭാഗത്തിലെ ജോലികൾക്കായുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കണം. ക്വട്ടേഷനുകൾ പ്രൊഫസർ & ഹെഡ്, പച്ചക്കറി ശാസ്ത്ര വിഭാഗം എന്ന അഡ്രസ്സിൽ ലഭിച്ചിരിക്കണം. ലഭ്യമാകുന്ന ക്വട്ടേഷനുകൾ 28.01.2020, 3 pm നു തുറക്കുന്നതും സ്വീകാര്യമായ ക്വട്ടേഷനുകൾ ഉറപ്പിച്ചു നൽകുന്നതുമായിരിക്കും. ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ നിരാകരിക്കാനുള്ള പൂർണ്ണ അധികാരം പച്ചക്കറി ശാസ്ത്ര വിഭാഗം മേധാവിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ വ്യക്തി എല്ലാ ദിവസവും വൈകീട്ട് 3 pmനും 4 pm നും ഇടയ്ക്ക് ഫാം ഓഫീസിൽ വന്ന് അടുത്ത ദിവസത്തേക്ക് ആവശ്യമായ തൊഴിലാളികളുടെ എണ്ണം അന്വേഷിച്ചറിയേണ്ടതും അതനുസരിച്ച് അടുത്ത ദിവസം രാവിലെ 7.30 മണിക്ക് മുൻപായി ആവശ്യമായ അത്രയും തൊഴിലാളികളെ ഫാമിൽ നേരിട്ട് എത്തിക്കേണ്ടതാണ്. ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടുന്ന വ്യക്തിക്ക് പാൻ കാർഡ് ഉണ്ടായിരിക്കേണ്ടതാണ്. ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പേരിൽ കാലാനുസൃതമായി മാറി വരുന്ന ഇ.എസ്.ഐ. വിഹിതം അടയ്ക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ഫാമിലെ ആവശ്യത്തിന് തൊഴിലാളികളെ നൽകുന്നതിൽ വീഴ്ച വരുത്തുന്നതുൾപ്പെടെ മുകളിൽ പറഞ്ഞ നിബന്ധനകൾ ലംഘിക്കപ്പെടുകയാണെങ്കിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതായിരിക്കും.

ഡോ.ടി.പ്രദീപ്കുമാർ
പ്രൊഫസർ ആൻഡ് ഹെഡ്

പകർപ്പ്

1.അസ്സോസിയേറ്റ് ഡീൻ, കോളേജ് ഓഫ് ഹോർട്ടികൾച്ചർ / ഹോർട്ടികൾച്ചർ കോളേജ് നോട്ടീസ് ബോർഡ്

2.പച്ചക്കറി ശാസ്ത്ര വിഭാഗം നോട്ടീസ് ബോർഡ്

3.സെൻട്രൽ നഴ്സറി നോട്ടീസ് ബോർഡ് / എസ്റ്റേറ്റ് ഓഫീസ് നോട്ടീസ് ബോർഡ്

4.കെ.എ.യു വെബ്സൈറ്റ് / സർക്കുലേഷൻ /ഫയൽ